(ബി) പലർക്കും നിയമന ശുപാർശ ലഭിച്ച് ഒരു വർഷമായിട്ടും നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) പല സർക്കാർ വിദ്യാലയങ്ങളിലും ആവശ്യമായ അദ്ധ്യാപകരില്ലാത്ത സാഹചര്യത്തിൽ ഈ അദ്ധ്യയന വർഷാരംഭംതന്നെ ഇവർക്ക് നിയമനം നൽകുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ ;

(ഡി) പി. എസ്. സി. യുടെ നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് എന്നത്തേക്ക് നിയമനം നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) 2014-15 വർഷത്തെ തസ്തിക നിർണ്ണയപ്രകാരം ജില്ലയിൽ 371 പ്രൈമറി അദ്ധ്യാപകരുടെ തസ്തിക നഷ്ടപ്പെടുകയും ഇവർ തസ്തിക ലഭ്യമല്ലാതെ ജോലി ചെയ്യുകയുമാണ്. അതിനാലാണ് അഡ്വൈസ് ലഭിച്ചവർക്ക് നിയമനം നൽകുവാൻ സാധിക്കാത്തത്. എൻ.സി.ഇ.ടി. റാങ്ക് ലിസ്റ്റിൽനിന്നും പി.എസ്.സി. ശിപാർശ ചെയ്ത ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ഡി) വ്യക്തമായ ഒഴിവ് ഉണ്ടാകുന്നമുറയ്ക്ക് നിയമനം നൽകാൻ കഴിയുന്നതാണ്.

രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ പദ്ധതി (റൂസ)

31 (2507) ശ്രീ. ജി. സുധാകരൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ പദ്ധതിയായ 'രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻവഴി സംസ്ഥാനത്തിന് നാമമാത്രമായ ഫണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വിഹിതമാണ് അനുവദിച്ചതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തുക കുറയാനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ബി) എത്രതുകയുള്ള പദ്ധതിയാണ് കേന്ദ്രത്തിന് സമർപ്പിച്ചിരുന്നത് ; ലഭിച്ച തുകയെത്ര ; വിശദാംശം ലഭ്യമാക്കാമോ ;

(സി) 'റൂസ' ഫണ്ട് വിഹിതം വളരെ കുറഞ്ഞുപോയത് സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും കോളേജുകളുടെയും പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പദ്ധതി തയ്യാറാക്കുന്നതിലും കേന്ദ്രത്തിന് സമർപ്പിക്കുന്നതിലും ഉന്നതവിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ കൗൺസിലും തമ്മിൽ തർക്കം നിലനിന്നിരുന്നോ ; ഇതുകാരണം പ്രോജക്ട് അപ്രൂവൽ ബോർഡിനുമുന്നിൽ യഥാസമയം പദ്ധതി സംബന്ധിച്ച് വിശദീകരണം നൽകുന്നതിൽ വീഴ്ച വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രോജക്ട് അപ്രൂവൽ ബോർഡ് യോഗത്തിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തവർ ആരെല്ലാമായിരുന്നു ; ഇതിനായി നേരത്തെ നിയോഗിക്കപ്പെട്ടവർ ആരെല്ലാമായിരുന്നു ; തീരുമാനം മാറ്റാനുണ്ടായകാരണം വിശദമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ ഹയർ എഡ്യൂക്കേഷൻ പ്ലാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ റൂസ മിഷൻ അതോറിറ്റിക്ക് സമർപ്പിക്കുകയുണ്ടായി. പ്രോജക്ട് അപ്രൂവൽ ബോർഡിന്റെ നിർദ്ദേശം അനുസരിച്ച് സർവ്വകലാശാലകൾക്കും കോളേജുകൾക്കുമുള്ള ഇൻഫ്രാസ്ട്രക്ചർ ഗ്രാന്റുകൾക്കാണ് പ്രാമുഖ്യം നൽകിയത്. അതിനനുസരിച്ച് 63 സർക്കാർ കോളേജുകൾക്കും 6 സർക്കാർ സർവ്വകലാശാലകൾക്കും വേണ്ടിയുള്ള ഇൻഫ്രാസ്ട്രക്ചർ ഗ്രാന്റിനാണ് അപേക്ഷിച്ചിരുന്നത്. അതിൽ നിന്ന് 15 സർക്കാർ കോളേജുകളെയും 4 സർവ്വകലാശാലകളെയുമാണ് റൂസ പരിഗണിച്ചത്. ബാക്കിയുള്ള കോളേജുകൾക്കും സർവകലാശാലകൾക്കും അക്രഡിറ്റേഷൻ കിട്ടുന്നമുറയ്ക്ക് തുക അനുവദിക്കാമെന്ന് റൂസ മിഷൻ അതോറിറ്റി അറിയിച്ചിട്ടുണ്ട്. 15 സർക്കാർ കോളേജുകൾക്ക് 2 കോടി രൂപ വീതവും 4 സർവ്വകലാശാലകൾക്ക് 20 കോടി രൂപ വീതവും അങ്ങനെ മൊത്തം 110 കോടി രൂപ പ്രോജക്ട് അപ്രൂവൽ ബോർഡ് അനുവദിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര പദ്ധതിയായ റൂസ പ്രകാരം 18 കമ്പോണന്റുകൾക്കായ് സംസ്ഥാനങ്ങൾക്ക് പദ്ധതി സമർപ്പിക്കാം. ഇതു പ്രകാരം 2014-15 ലേയ്ക്ക് 133.46 കോടിയും 2015-16 ലേയ്ക്ക് 606.87 കോടിയും 2016-17 ലേയ്ക്ക് 518.42 കോടിയും അങ്ങനെ മൊത്തം 1258.75 കോടി രൂപയുടെ പദ്ധതിയാണ് കേന്ദ്രത്തിന് സമർപ്പിച്ചത്. ഇതിൽ സർക്കാർ കോളേജുകൾക്കും സർവ്വകലാശാലകൾക്കുമുള്ള ഇൻഫ്രാസ്ട്രക്ചർ ഗ്രാന്റിനുള്ള ശിപാർശകളാണ് പ്രോജക്ട് അപ്രൂവൽ ബോർഡ് പരിഗണിച്ചത്. 63 സർക്കാർ കോളേജുകൾക്കും 6 സർവ്വകലാശാലകൾക്കും വേണ്ടിയുള്ള ഇൻഫ്രാസ്ട്രക്ചർ ഗ്രാന്റിനാണ് അപേക്ഷിച്ചിരുന്നത്. അതിൽനിന്ന് 15 സർക്കാർ കോളേജുകളെയും 4 സർവ്വകലാശാലകളെയുമാണ് റൂസ പരിഗണിച്ചത്. ബാക്കിയുള്ള കോളേജുകൾക്കും സർവ്വകലാശാലകൾക്കും അക്രഡിറ്റേഷൻ കിട്ടുന്ന മുറയ്ക്ക് തുക അനുവദിക്കാമെന്ന് റൂസ മിഷൻ അതോറിറ്റി അറിയിച്ചിട്ടുണ്ട്. 15 സർക്കാർ കോളേജുകൾക്ക് 2 കോടി വീതവും 4 സർവ്വകലാശാലകൾക്ക് 20 കോടി വീതവും അങ്ങനെ മൊത്തം 110 കോടി രൂപ പ്രോജക്ട് അപ്രൂവൽ ബോർഡ് അനുവദിക്കുകയുണ്ടായി.

(സി) റൂസ ഫണ്ട് വിഹിതം കുറഞ്ഞ് പോയത് സംസ്ഥാനത്തെ കോളേജുകളുടെയും സർവ്വകലാശാലകളുടെയും പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കില്ല. അക്രഡിറ്റേഷനുള്ള 15 സർക്കാർ കോളേജുകൾക്ക് രണ്ട് കോടി രൂപ വീതവും 4 സർവ്വകലാശാലകൾക്ക് 20 കോടി രൂപവീതവും അങ്ങനെ മൊത്തം 110 കോടി രൂപ പ്രോജക്ട് അപ്രൂവൽ ബോർഡ് അനുവദിക്കുകയുണ്ടായി. ബാക്കിയുള്ള കോളേജുകൾക്കും സർവ്വകലാശാലകൾക്കും അക്രഡിറ്റേഷൻ കിട്ടുന്ന മുറയ്ക്ക് തുക അനുവദിക്കാമെന്ന് റൂസ മിഷൻ അതോറിറ്റി അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് മറ്റുള്ള കോളേജുകൾക്കും സർവ്വകലാശാലകൾക്കും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നാക് അക്രഡിറ്റേഷന് പോകാൻ പ്രേരണ നൽകും.

(ഡി) പദ്ധതി തയ്യാറാക്കുന്നതിലും കേന്ദ്രത്തിൽ സമർപ്പിക്കുന്നതിലും ഉന്നത വിദ്യാഭ്യാസ വകുപ്പും ഉന്നത വിദ്യാഭ്യാസ കൗൺസിലും തമ്മിൽ തർക്കം നിലനിന്നിരുന്നില്ല. കൃത്യസമയത്ത് തന്നെ പ്രോജക്ട് അപ്രൂവൽ ബോർഡിന് പദ്ധതി സമർപ്പിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രോജക്ട് അപ്രൂവൽ ബോർഡ് യോഗത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനെ പ്രതിനിധീകരിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ പ്രതിനിധീകരിച്ച് റിസർച്ച് ഓഫീസർ ശ്രീ. ക്രിസ്റ്റി ക്ലമന്റും പങ്കെടുത്തു.

ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി, ശ്രീ. ക്രിസ്റ്റി ക്ലമന്റ് എന്നിവരടങ്ങിയ സംഘത്തെയാണ് നിർദ്ദേശിച്ചിരുന്നതെങ്കിലും സർക്കാരിന്റെ ചെലവ് ചുരുക്കൽ നടപടിയുടെ ഭാഗമായി വകുപ്പിനെ പ്രതിനിധീകരിച്ച് സെക്രട്ടറി മാത്രം പങ്കെടുത്താൽ മതിയെന്ന് തീരുമാനിക്കുകയായിരുന്നു.

അദ്ധ്യാപക-ശിക്ഷക് സദനുകളിലെ വാടകയിളവ്

32 (2509) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അദ്ധ്യാപക ഭവൻ, ശിക്ഷക് സദൻ എന്നീ സ്ഥാപനങ്ങൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ താമസിക്കുന്നതിന് വാടകയിൽ ഇളവ് ലഭിക്കുന്നത് ആർക്കെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്കുകൂടി പ്രസ്തുത സ്ഥാപനങ്ങളിൽ വാടകയിളവ് അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ശിക്ഷക് സദനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. തിരുവനന്തപുരം, എസ്.എം.വി.എച്ച്.എസ്.എസ്. കോമ്പൗണ്ട്

2. തിരുവനന്തപുരം, മെഡിക്കൽ കോളേജ് എച്ച്.എസ്. കോമ്പൗണ്ട്

3. എറണാകുളം, എസ്.ആർ.വി.എച്ച്.എസ്. കോമ്പൗണ്ട്.

4. തൃശ്ശൂർ, ജി.എച്ച്.എസ്.എസ്. ചാവക്കാട്

5. കോഴിക്കോട്, പൂന്താനം ജംഗ്ഷൻ

LIBRARY ARCHIVES Kerala Legislative Assembly